പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1400 08.02.2013 -ൽ മറുപടിക്ക്

## പൊതുമാമത്ത് വകുപ്പ് നടത്തുന്ന വികസന പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. എം. ആരിഫ് : | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പു മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പൊതുമരാമത്ത് വകുപ്പ് എന്തൊക്കെ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത് ; (ബി) എന്തു തുക വീതമാണ് ഓരോ പദ്ധതിക്കും വകയിരുത്തിയിരിക്കുന്നത്; പ്രസ്തുത പ്രവൃത്തികളുടെ ഭരണാനുമതി ലഭ്യമായിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ ; പ്രസ്തുത പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്? | (എ) & (ബി) |

**K.S.T.P**

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കെ.എസ്.ടി.പി. രണ്ടാംഘട്ടം ലോകബാങ്ക് സഹായത്തോടുകൂടി തുടങ്ങാൻ തീരുമാനിച്ചു. ഇതിന്റെ നിർമ്മാണ പ്രവൃത്തികൾക്കുള്ള ടെണ്ടർ ക്ഷണിച്ചിരിക്കുകയാണ്. 2013 ഏപ്രിലിൽ ലോക ബാങ്കുമായി കരാറിൽ ഏർപ്പെടാൻ തീരുമാനിച്ചിട്ടുണ്ട്. കെ.എസ്.ടി.പി. രണ്ടാം ഘട്ടത്തിന് 1356 കോടി രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്. 2013 ഏപ്രിലിൽ നിർമ്മാണം തുടങ്ങുമെന്ന് പ്രതീക്ഷിക്കുന്നു.

**RICK**

ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 1200-ൽ പരം കി.മീ. റോഡുകൾ അന്താരാഷ്ട്ര നിലവാരത്തിൽ വികസിപ്പിക്കാനുള്ള സംസ്ഥാന റോഡു വികസന പദ്ധതി (SRIP) ക്ക് രൂപം നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിക്ക് 2012-ലെ ബഡ്ജറ്റിൽ 126.0297 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഭരണാനുമതിയുടെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. പ്രസ്തുത പദ്ധതി വരുന്ന അഞ്ചു വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

**K.R.F.B**

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം താഴെ പറയുന്ന വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

1. കോഴിക്കോട് മോണോ റയിൽ പദ്ധതി
2. തിരുവനന്തപുരം മോണോ റയിൽ പദ്ധതി
3. കോട്ടയം, തൃശൂർ, മലപ്പുറം, കണ്ണൂർ, കൊല്ലം നഗര റോഡു വികസന പദ്ധതികൾ

09.10.2012 -ൽ കോഴിക്കോട് മോണോ റയിൽ പദ്ധതിക്ക് ഭരണാനുമതി നൽകി. അടങ്കൽ തുക 1991 കോടി രൂപയാണ്. തിരുവനന്തപുരം മോണോ റയിൽ പദ്ധതിക്ക് ഭരണാനുമതി നൽകുന്ന കാര്യം സർക്കാരിന്റെ

പരിഗണനയിലാണ്; ഏകദേശം 3590 കോടി രൂപയാണ് പദ്ധതിയുടെ അടങ്കൽ തുക. നഗര റോഡു വികസന പദ്ധതികളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി വരികയാണ് അത് ലഭിച്ചശേഷം ഭരണാനുമതി നൽകുന്നതാണ്; അടങ്കൽ തുക തീരുമാനിച്ചിട്ടില്ല

നിരത്തുകളും പാലങ്ങളും, ദേശീയപാത, കെട്ടിട വിഭാഗം എന്നിവയെ സംബന്ധിച്ച വിശദ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം [illegible] ലഭ്യമാണ്